അറേബ്യന് രാജ്യങ്ങളുടെ ലീഗിന്റെ സെക്രട്ടറി ജനറല് ഔദ്യോഗിക സന്ദര്ശനത്തിന് ഇന്ത്യയില്, ഡിസംബര് 16-18 , 2013

അറേബ്യന് രാജ്യങ്ങളുടെ ലീഗിന്റെ സെക്രട്ടറി ജനറല് ആദരണീയനായ് ഡോ. നബീല് എലറാബി ഇന്ത്യ ഔദ്യോഗികമായി സന്ദര്ശിച്ചു . ബഹുമാനപ്പെട്ട കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീ സല്മാന് ഖുര്ഷിദിന്റെ ക്ഷണം സ്വീകരിച്ചാണ് സന്ദര്ശനം . ഡിസംബര് പതിനാറു മുതല് പതിനെട്ടു വരെ (ഡിസംബര് 16-18 , 2013 ) ആണ് സന്ദര്ശനം.

സന്ദര്ശനത്തിന്റെ ഭാഗമായി ഡോ. നബീല് എലറാബി ബഹുമാനപ്പെട്ട ഉപ രാഷ്ട്രപതി ശ്രീ എം ഹമീദ് അന്സാരി , ആദരണീയനായ കേന്ദ്ര വിദേശകാര്യ വകുപ്പ് മന്ത്രി ശ്രീ സല്മാന് ഖുര്ഷിദ് എന്നിവരുമായി കൂടിക്കാഴ്ചകള് നടത്തി. സിറിയ , മിഡില് ഈസ്റ്റ് സമാധാന പ്രക്രിയകള് ഉള്പ്പെടെ , ഉഭയകക്ഷി , മേഖലാ ,അന്താരാഷ്ട്ര വിഷയങ്ങളില് പരസ്പരം താത്പര്യമുള്ള വിഷയങ്ങള് അവര് ചര്ച്ച ചെയ്തു .

ഇന്ത്യയും അറബ് ലീഗ് രാജ്യങ്ങളും രണ്ടായിരത്തി പതിനാല് - രണ്ടായിരത്തി പതിന്നാറിലേക്കുള്ള പുതിയ എക്സിക്യൂട്ടീവ് പരിപാടികളും തമ്മില് സഹകരണത്തിനുള്ള ഒരു ധാരണാപത്രം സന്ദര്ശനത്തോടനുബന്ധിച്ച് ഒപ്പ് വച്ചു . ഇന്ത്യയും 22 അംഗ അറബ് രാജ്യങ്ങളും തമ്മില് ഉള്ള സുസ്ഥാപിതാചാരമായ ഘടനാപരമായ ഇടപാടുകള്ക്ക് ഉന്നത തല ഉദ്യോഗസ്ഥ ,മന്ത്രി തലത്തില് കൂടുതല് വേഗത ഉണ്ടാക്കുന്നതിന് സഹായിക്കുവാന് ഈ രേഖകള് ലക്ഷ്യമിടുന്നു . ഇത് വ്യത്യസ്ഥ മേഖലകളായ വ്യാപാരം നിക്ഷേപം , ചെറുകിട ഇടത്തരം സ്ഥാപനങ്ങള് , സാംസ്ക്കാരികം, കാര്യശേഷി നിര്മ്മാണം എന്നിവയിലും സഹകരണം ഉറപ്പാക്കുന്നു .

ഇന്ത്യയും അറബ് രാജ്യങ്ങളും തമ്മില് വളരെ ആഴമുള്ള ചരിത്രപരവും സാംസ്ക്കാരികപരവുമായ ബന്ധങ്ങള് പങ്ക് വയ്ക്കുന്നുണ്ട് , ചര്ച്ചകളിലൂടെയും സംഭാഷണങ്ങളിലൂടെയും അന്താരാഷ്ട്ര സമാധാനവും സുരക്ഷയും നേടിയെടുക്കുവാനും , പരിരക്ഷിക്കുവാനും ശക്തിപ്പെടുത്തുവാനും ലക്ഷ്യമാക്കിയുള്ള ദക്ഷിണ - ദക്ഷിണ സഹകരണം കോളനിവത്ക്കരണത്തിനെതിരെയുള്ള പങ്ക് വയ്ക്കപ്പെടുന്ന വിശ്വാസം ആണ് സഹകരണത്തിലെ അടിസ്ഥാന ചട്ടക്കൂട്

ന്യൂഡെല്ഹി

ഡിസംബര് 17, 2013